പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 251** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സപ്ലൈകോ സ്ഥാപനങ്ങളുടെ ശാക്തീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും മാവേലിസ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകൾ വഴി വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. എല്ലാ ജില്ലയിലും ഗുണനിലവാര പരിശോധന ഓഫീസർമാർ ഗുണനിലവാര പരിശോധനകൾക്ക് നേതൃത്വം നൽകുന്നുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പു വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ കോന്നിയിലുള്ള CFRD FQM ലാബ്, Regional Analytical Lab, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും മാവേലിസ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകൾ വഴി വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. സപ്ലൈകോ മാവേലിസ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകൾ വഴി വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഗുണ നിലവാര പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതിനായി സപ്ലൈകോയിൽ വിതരണത്തിനെത്തിക്കുന്ന സാധനങ്ങളുടെ ഗുണ നിലവാര പരിശോധന നടത്തിയിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് മുൻകൂർ ഹാജരാക്കുവാൻ വിതരണക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . എന്നിരുന്നാലും ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ മാവേലിസ്റ്റോറുകൾ ഉൾപ്പെടെയുള്ള സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20 - ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD - യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര

മാനദണ്ഡങ്ങളിൽ കേന്ദ്ര/ സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുന്നതിനുള്ള കർശനനടപടികൾ സപ്ലൈകോ എടുത്തുവരുന്നു.

**(ബി)** സബ്സിഡി ഇനത്തിൽ ലഭ്യമാകുന്ന സാധനങ്ങളുടെ ലിസ്റ്റിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** നിലവിൽ സപ്ലൈകോ 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളാണ് സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നത്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഇനങ്ങളും അവയുടെ നിലവിലെ സബ്സിഡി നിരക്കുകളും ഒരു മാസം റേഷൻ കാർഡിന് അനുവദനീയമായ അളവിന്റെയും വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു:

**(സി)** സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് ലഭ്യമാകേണ്ട തുകയിൽ കുടിശ്ശിക വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് ലഭ്യമാകേണ്ട തുകയിൽ 1490.14 കോടി രൂപ നിലവിൽ കുടിശ്ശികയുണ്ട്.

**സെക്ഷൻ ഓഫീസർ**

# <u>അനുബന്ധം</u>

| ക്രമ നം. | സബ്സിഡി ഇനം | സബ്സിഡി നിരക്ക് (രൂപ) | അനുവദനീയമായ അളവ് (പ്രതിമാസം) |
|---|---|---|---|
| 1 | ചെറുപയർ (കിലോയ്ക്ക്) | 85 | 1 കിലോ |
| 2 | ഉഴുന്ന് (കിലോയ്ക്ക്) | 87 | 1 കിലോ |
| 3 | കടല (കിലോയ്ക്ക്) | 63 | 1 കിലോ |
| 4 | വൻപയർ (കിലോയ്ക്ക്) | 68 | 1 കിലോ |
| 5 | തുവരപ്പരിപ്പ് (കിലോയ്ക്ക്) | 83 | 1 കിലോ |
| 6 | വറ്റൽ മുളക് (കിലോയ്ക്ക്) | 130 | 1 കിലോ |
| 7 | മല്ലി (500 ഗ്രാമിന്) | 45 | 500 ഗ്രാം |
| 8 | പഞ്ചസാര (കിലോയ്ക്ക്) | 33 | 1 കിലോ |
| 9 | ശബരി വെളിച്ചെണ്ണ (1 ലിറ്റർ പാക്കറ്റ്) (സബ്സിഡി 500 ml & നോൺസബ്സിഡി 500 ml ) | 237.14 | 2 പാക്കറ്റ് |
| 10 | ജയ അരി (കിലോയ്ക്ക്) | 33 | (എല്ലാ ഇനം അരിയും ഉൾപ്പെടെ ആകെ 10 കിലോഗ്രാം) |
| 11 | കുറുവ അരി (കിലോയ്ക്ക്) | 33 | |
| 12 | മട്ട അരി (കിലോയ്ക്ക്) | 33 | |
| 13 | പച്ചരി (കിലോയ്ക്ക്) | 29 | |
| നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്തു നല്കുന്ന പയറുവർഗങ്ങൾ, മുളക്, മല്ലി, പഞ്ചസാര എന്നിവയ്ക്ക് സൂപ്പർ മാർക്കറ്റുകളിൽ 2 രൂപ പാക്കറ്റ് ചാർജും ഈടാക്കുന്നതാണ് | | | |

*കുറിപ്പ്: സബ്സിഡി സാധനങ്ങൾക്ക് പുറമെ 20 കിലോ OMSS അരി കിലോയ്ക്ക് 27 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു.